# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 326 — 18-03-2013-ൽ മറുപടിയ്ക്ക്

### എ.സി. റോഡിലെ വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ 2011 മുതൽ 2013 വരെ വാഹന അപകടങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് ; പരിക്ക് പറ്റിയിട്ടുള്ളവർ എത്ര ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; പോലീസ് സ്റ്റേഷൻ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ 2011 മുതൽ 2013 മാർച്ച് 10 വരെയുള്ള വാഹന അപകടങ്ങളുടേയും മരണപ്പെട്ടവരുടേയും പരിക്കു പറ്റിയവരുടേയും രജിസ്റ്റർ ചെയ്ത കേസുകളുടേയും പോലീസ് സ്റ്റേഷൻ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത കാലയളവിൽ വീതികുറഞ്ഞ പാലങ്ങൾ നിമിത്തം എ.സി. റോഡിൽ എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (ബി) സംസ്ഥാനത്ത് പ്രസ്തുത കാലയളവിൽ വീതി കുറഞ്ഞ പാലങ്ങൾ നിമിത്തം എ.സി റോഡിൽ അപകടങ്ങൾ നടന്നതായി അറിവായിട്ടില്ല. |
| (സി) എ.സി. റോഡിലെ വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) എ.സി. റോഡിൽ വാഹനാപകടം ഒഴിവാക്കുന്നതിനായി ട്രാഫിക് പട്രോളിങ്ങിന്റെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി സൈൻ ബോർഡുകൾ സ്ഥാപിച്ചും, ഫ്ളൈയിങ്ങ് സ്ക്വാഡ്, ഇന്റർസെപ്ടർ എന്നിവ ഉപയോഗിച്ച് ശക്തമായ പോലീസ് പട്രോളിംഗ് നടത്തി ഓവർ സ്പീഡ്, ഇടതുവശം ഓവർടേക്കിംഗ്, മദ്യപിച്ച് വാഹനം ഓടിക്കൽ എന്നീ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കണ്ടെത്തി നടപടി |

സ്വീകരിച്ചു വരുന്നു. തിരക്കുള്ള സ്ഥലങ്ങളിൽ ഗതാഗത നിയന്ത്രണ ത്തിന് ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും അപകട മേഖലകളിൽ അപകട മുന്നറിയിപ്പ് ബോർഡുകൾ, ഹമ്പു കൾ എന്നിവ സ്ഥാപിച്ചിട്ടുമുണ്ട്. ഇവയ്ക്കു പുറമെ വാഹനാപകട ങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പട്രോളിംഗ് സംഘത്തെ (KILO-44) ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ANS. A. 7 -

| 2011 | | | | | |
|---|---|---|---|---|---|
| District | Police Station | Alappuzha Changanassery Road | No. of Accident cases | Death | No. of Persons Injured |
| Alappuzha | Alappuzha Traffic | Changanassery Jn. – Pallathuruthi | 12 | 2 | 18 |
| Alappuzha | Nedumudy | Pallathuruthy – Nedumudy | 19 | 4 | 17 |
| Alappuzha | Pulinkunn | Nedumudy – Pallikoottuma | 22 | 9 | 14 |
| Alappuzha | Ramankari | Pallikoottuma – Kidangara 1st Bridge | 38 | 3 | 40 |
| Kottayam | Changanassery | Changanassery Road | 18 | 1 | 18 |
| | TOTAL | | 109 | 19 | 107 |

| 2012 | | | | | |
|---|---|---|---|---|---|
| District | Police Station | Alappuzha Changanassery Road | No. of Accident cases | Death | No. of Persons Injured |
| Alappuzha | Alappuzha Traffic | Changanassery Jn – Pallathuruthi | 9 | 2 | 14 |
| Alappuzha | Nedumudy | Pallathuruthy – Nedumudy | 29 | 9 | 31 |
| Alappuzha | Pulinkunn | Nedumudy – Pallikoottuma | 10 | 0 | 13 |
| Alappuzha | Ramankari | Pallikoottuma – Kidangara 1st Bridge | 52 | 16 | 56 |
| Kottayam | Changanassery | Changanassery | 29 | 6 | 24 |
| | TOTAL | | 129 | 33 | 138 |

| 2013 upto March 10th | | | | | |
|---|---|---|---|---|---|
| District | Police Station | Alappuzha Changanassery Road | No. of Accident cases | Death | No. of Persons Injured |
| Alappuzha | Alappuzha Traffic | Changanassery Jn – Pallathuruthi | 5 | 2 | 5 |
| Alappuzha | Nedumudy | Pallathuruthy – Nedumudy | 6 | 3 | 5 |
| Alappuzha | Pulinkunn | Nedumudy – Pallikoottuma | 6 | 1 | 5 |
| Alappuzha | Ramankari | Pallikoottuma – Kidangara 1st Bridge | 11 | 5 | 6 |
| Kottayam | Changanassery | Changanassery | 2 | 0 | 3 |
| | TOTAL | | 30 | 11 | 24 |

ASHA DEVI. V.S.
Section Officer (HG)
Home (SC) Department
Government Secretariat
Thiruvananthapuram.